റിപ്പോർട്ട്

പി.എ.എം ഹനീഫ്

# നാടകം നാടിന്നകം

**ഇന്ത്യയിലാദ്യമായി** സംഘടിപ്പിക്കപ്പെട്ട ഏഷ്യൻ തിയേറ്റർ ഫെസ്റ്റിവലിൽ നിർണായകമായ ഒരു തീരുമാനമുണ്ടായി. പാകിസ്താനെയും ബംഗ്ലാദേശിനെയും ഇനി മുതൽ എല്ലാ 'ഇറ്റ് ഫോക്' (International Theatre Festival of Kerala) വേദികളിലേക്കും സ്വാഗതം ചെയ്യും. കേരള സംഗീത നാടക അക്കാദമി ഭാരവാഹികളുടേതാണ് തീരുമാനം.

ഒരേ നാടക സംസ്കാരം പങ്കുവെക്കുന്ന അയൽരാജ്യങ്ങൾ എന്ന മേന്മയാണ് ഈ തീരുമാനത്തിനു പിന്നിൽ. പത്തൊമ്പത് നാടകങ്ങളാണ് തൃശൂരിൽ നടന്ന ഫെസ്റ്റിവലിൽ അരങ്ങേറിയത്. പ്രേക്ഷകരെ തൃപ്തരാക്കിയത് മൂന്നു നാടകങ്ങൾ മാത്രം.

മാമുന്നൂർ റഷീദ് സംവിധാനം ചെയ്ത 'രാരംഗ്' (ബംഗ്ലാദേശ്), മദീഹാ ഗൗർ സംവിധാനം ചെയ്ത 'ബുള്ള' (പാകിസ്താൻ), മുഹമ്മദ് അഗേബത്തിയുടെ 'ജെക്കാസ്റ്റ' (ഇറാൻ).

ഈ മൂന്നു സംവിധായകരെയും ഉത്സവത്തിന്റെ ചില ഇടവേളകളിൽ കണ്ട് സംസാരിച്ചപ്പോൾ വ്യക്തമായത്, നാടക പ്രവർത്തകൻ ആവശ്യപ്പെടുന്ന സർഗ സ്വാതന്ത്ര്യം വലിയൊരളവോളം ഇവർക്ക് നിഷേധിക്കപ്പെടുന്നു എന്നാണ്. കലയെ എങ്ങനെ സമീപിക്കണമെന്ന് ഇസ്‌ലാം നിഷ്കർഷിച്ചുവോ ആയതിന് സമരസപ്പെടലിന്റെ പാതതന്നെ സ്വീകരിക്കുമ്പോഴും സർഗാത്മകമായി നാടകം കളിക്കാൻ തടസ്സങ്ങൾ ഉള്ളതായി അവർ അഭിപ്രായപ്പെട്ടു. ഇറാനിൽ നിന്നുള്ള മുഹമ്മദ് അഗേബത്തി ഇറാന്റെ ചില സെൻസറിംഗ് രീതികളിൽ ക്ഷോഭിക്കുകയുണ്ടായി. സർക്കാറിന്റെ സാമ്പത്തിക സഹായം പ്രതീക്ഷിക്കാതെ സ്വതന്ത്രമായി പ്രവർത്തിക്കുന്ന തിയേറ്റർ ഗ്രൂപ്പുകളിലൊന്നാണ് അഗേബത്തിയുടേത്. സ്ക്രിപ്റ്റ് മുതൽ റിഹേഴ്സൽ വരെ എല്ലാം സർക്കാർ നിയമിക്കുന്ന കമ്മിറ്റിയുടെ നിർദേശങ്ങൾക്ക് വഴങ്ങിയാകണം. യൂറോപ്യൻ നാടകങ്ങൾ അവതരിപ്പിക്കുമ്പോഴും ഇറാൻ പരിതസ്ഥിതികളിലേക്ക് അവ പുനർവായനക്ക് വിധേയമാക്കേണ്ടിയിരിക്കുന്നു.



*പാകിസ്താനി നാടകം 'ബുള്ള'യിൽനിന്ന്*

ഒരു അന്താരാഷ്ട്ര നാടകോത്സവ വേദിയിൽ ഇസ്‌ലാമിക സമൂഹം മികവു പുലർത്തിയതിന്റെ മുഖ്യ കാരണങ്ങളിലൊന്നായി അനുഭവപ്പെട്ടത് ഈ നാടക സംഘങ്ങൾ പുലർത്തിയ അനുസരണങ്ങളുടെ മികവ് തന്നെയാണ്. 'കലയുടെ സൗന്ദര്യം ആന്തരിക സൗന്ദര്യത്തിന്റെ പ്രതിഫലന'മാണെന്ന ഇമാം ഗസ്സാലിയുടെ വിലയിരുത്തൽ, ഈ മൂന്നു നാടക സംഘങ്ങളും അരങ്ങിൽ ദീക്ഷിച്ച സൗന്ദര്യങ്ങൾ ആവർത്തിച്ചു വായിക്കുമ്പോൾ അനുഭവപ്പെടുന്നു. മൂന്നു നാടകവും ഗംഭീരം എന്നതിലുപരി സുന്ദരമായിരുന്നു.

പാക് നാടകത്തിന്റെ 'നാടക കാര്യം' ഒരു സൂഫി ദർശനം തന്നെയായിരുന്നു. 1680 മുതൽ 1758 വരെ ജീവിച്ച ബാബ ബുള്ളേ ഷാ എന്ന ആത്മീയാചാര്യന്റെ ജീവിതം നേരിട്ട സംഘർഷങ്ങളാണ് ഇതിവൃത്തം. ശഹീദ് നദീം രചിച്ച ഈ രംഗഭാഷക്ക് മദീഹാ ഗൗറിന്റെ സംവിധാന ശൈലി രണ്ട് മണിക്കൂർ നേരം പ്രേക്ഷകനെ ഒരു ആത്മീയാനുഭവത്തിൽ മുങ്ങി കുളിപ്പിക്കുകതന്നെ ചെയ്തു. മിയാൻ ശഹ്‌രിയാർ എന്ന സംഗീതജ്ഞൻ, രംഗപടം തീർത്ത അഹീൽ ഖാസ്മി, പ്രകാശവിന്യാസത്തിന് നേതൃത്വം വഹിച്ച മാലിക് അസ്‌ലം, നാടകം പ്രേക്ഷകർക്ക് പരിചയപ്പെടാൻ 'പ്ലേബിൽ' സംവിധാനിച്ച ഫാത്വിമ സഹ്റ

അടക്കം 25ൽ പരം അംഗങ്ങളുള്ള പാക് ടീം മലയാളി നാടക പ്രേക്ഷകരെ തികച്ചും ആഹ്ലാദിപ്പിച്ചു.

അരങ്ങത്ത് രണ്ട് കലാകാരന്മാർ മാത്രം. പക്ഷേ, അവരുടെ അഭിനയശേഷി സദസ്സിനെ വിസ്മയിപ്പിച്ചു. ഇറാൻ നാടകമായ 'ജെക്കാസ്റ്റ'യിൽ സയ്യിദ് ചാംഗ്സിയാനും ലെയ്‌ലിയ റാഷിദിയും ഗ്രോട്ടോവ്സ്കി എന്ന ആധുനിക തിയേറ്റർ ആചാര്യന്റെ 'വിശുദ്ധാഭിനയ' സങ്കേതത്തെ പൂർണാർഥത്തിൽ പിൻപറ്റി. ഈഡിപ്പസ് നാടകത്തിന് രംഗഭാഷ നൽകിയത് മുഹമ്മദ് ചംഷീറാണ്. സെമിനാറിൽ സംവിധായകൻ മുഹമ്മദ് അഗേബത്തി അനുസ്മരിച്ചു: 'അല്ലാഹു സുന്ദരനാണ്; അവൻ സൗന്ദര്യം ഇഷ്ടപ്പെടുന്നു....'



*ഇറാനിയൻ നാടകം 'ജെക്കാസ്റ്റ'*

പക്ഷേ, പാശ്ചാത്യ ജീവിതക്രമം പിൻപറ്റുന്ന തിയേറ്റർ ഗ്രൂപ്പായതിനാലാകാം ഇറാനിയൻ വേഷഭൂഷകളൊന്നും നടിമാർ അകത്തും പുറത്തും പാലിച്ചുകണ്ടില്ല. കലയിലെ സൗന്ദര്യത്തെ നിർവചിക്കുന്നിടത്ത് ഇബ്സൻ, ഹാരോൾഡ് പിന്റർ, സാമുവൽ ബക്കറ്റ് എന്നിവരുടെ നാടകങ്ങളെ പേർ പറഞ്ഞുതന്നെ ബെഗോവിച്ച് നടത്തിയ ഒരു വിലയിരുത്തലുണ്ട്:

"അശുഭചിന്തകൾ വരുന്നത് സമ്പന്നവും വികസിതവുമായ രാഷ്ട്രങ്ങളിൽനിന്നാണ്. അവ തികച്ചും ലാക്ഷണികവുമാകുന്നു."

ബംഗ്ലാദേശ് നാടകമായ 'രാരംഗ്' ആസ്വദിക്കുമ്പോൾ തിരയടിച്ചത് ഈയൊരു ബെഗോവിച്ചിയൻ നിരീക്ഷണമാണ്. യാതൊരു ആധുനിക ജീവിത സമസ്യകളും വേട്ടയാടപ്പെടാത്ത നാടകസംഘം.... പൊതുവെ ആധുനിക നാടകസംസ്കാരത്തിന്റെ അടിത്തറകളിലൊന്നായ വിലക്ഷണതകളില്ലാത്ത അഭിനയസംസ്കാരം.......

അതേ, ബംഗ്ലാദേശിന്റെ ദാരിദ്ര്യവും അവികസിത നിലപാടും ആ നാടകം പൂർണാർഥത്തിൽ വിളിച്ചോതി. നാടിന്നകമാണല്ലോ നാടകം. ഗോത്രവർഗ സന്താളുകളുടെ കുതിച്ചുചാട്ടവും മുറിച്ചു മുന്നേറലുമാണ് നാടകകാര്യം. ഷമീമ ശൗക്കത്ത്, മനീറാ പർവീൻ, മുഹമ്മദ് അബ്ദുൽ മന്നാൻ അടക്കം 40ലധികം വരുന്ന ബംഗ്ലാദേശ് ടീമംഗങ്ങൾ പ്രേക്ഷകരിൽ വിസ്മയങ്ങൾ തീർത്തു.

മൊത്തത്തിൽ, ഈ ഏഷ്യൻ നാടകോത്സവത്തിന് ഇനിയുണ്ടാകുന്ന തുടർച്ചകളിൽ മലയാള നാടകം പഠിക്കേണ്ട പലതുമുണ്ട്. ഈ മൂന്നു തിയേറ്റർ ഗ്രൂപ്പുകളുടെ 'അഭിനയസംസ്കാരം' തന്നെ അതിൽ സുപ്രധാനം. ■